6873
16/6/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - Guidance and Counseling Bureau for the Elderly എന്ന പ്രോജക്റ്റിന് ഭരണാനുമതിയും നടത്തിപ്പിന് തുകയും അനുവദിച്ച് ഉത്തരവാകുന്നു.

================================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.353/2015/സാനീവ  തീയതി, തിരുവനന്തപുരം, 10.06.2015

================================================================================

പരാമർശം : സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 18.04.2015 ലെ ജി3/12168/15 നമ്പർ കത്ത്

ഉത്തരവ്

വാർദ്ധക്യത്തിൽ അസുഖം, ഒറ്റപ്പെടൽ, ഭാര്യ/ഭർത്താവിന്റെ മരണം, കുട്ടികളുടെ അകൽച്ച, സ്വന്തം കാര്യങ്ങൾപോലും ചെയ്യാൻ കഴിയാത്ത അവസ്ഥ എന്നിവ മൂലം അവശത അനുഭവിക്കുന്നവർക്ക്, ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിനും, റിട്ടയേർഡ് ജീവിതത്തിൽ സന്തോഷവും കാര്യക്ഷമതയും കൈവരിക്കുന്നതിനും അവർക്ക് വേണ്ട ഗൈഡൻസും കൗൺസിലിംഗും നൽകി ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനുള്ള Counseling Bureau for the Elderly എന്ന പ്രോജക്റ്റിന് ഭരണാനുമതി നൽകണമെന്നും, ഈ പദ്ധതിക്കായി, ദുർബല ജനവിഭാഗങ്ങളുടെ സുരക്ഷിതത്വത്തിനുവേണ്ടി 2235-60-200-83 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1040 ലക്ഷം രൂപയിൽ നിന്ന് 9,71,700/- രൂപ അനുവദിക്കണമെന്ന സൂചന പ്രകാരം ഡയറക്ടർ അഭ്യർത്ഥിച്ചു.

(2) സർക്കാർ ഈ കാര്യം പരിശോധിക്കുകയുണ്ടായി. വയോജനങ്ങളുടെ ജീവിതം സന്തോഷപ്രദവും, കാര്യക്ഷമതയും ഉള്ളതാക്കി മാറ്റുന്നതിനായുള്ള തിരുവനന്തപുരം സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് സമർപ്പിച്ച Guidance and Counseling Bureau for the Elderly എന്ന പ്രോജക്റ്റിന് ഒരു ഇടക്കാല റിപ്പോർട്ട് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് സമർപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ ഭരണാനുമതി നൽകിയും പ്രസ്തുത പദ്ധതിയുടെ ചെലവിനായി 2235-60-200-83 (P) ശീർഷകത്തിൽ നിന്നും 9,71,700 /- ( ഒൻപത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എഴുന്നൂറ് രൂപ മാത്രം) രൂപ അനുവദിച്ചും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ചെയർമാൻ, സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ്, കൊളംബിയ വില്ല, കേശവദാസപുരം, തിരുവനന്തപുരം
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി ഓഫീസ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
ന്യൂ വെബ് മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ